"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - ശ്രീമതി ഷീലാകുമാരി റ്റി.ആർ സിഡിപിഒ(റിട്ട.) അഡ്വാൻസ് ബിൽ സെറ്റിൽ ചെയ്യതിനാൽ ഡിസിആർജി ൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കിയ തുക തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനിത ശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.156/2026/WCDD തീയതി,തിരുവനന്തപുരം, 15-03-2026

പരാമർശം:- 1. സ.ഉ(സാധാ)നം.468/2025/WCDD തീയതി 06/11/2025.

2. വനിത ശിശു വികസന ഡയറക്ടറുടെ 13/01/2026 തീയതിയിലെ DWCD/3443/2023-E2 നമ്പർ കത്ത്.

**ഉത്തരവ്**

വനിതാശിശു വികസന വകുപ്പിലെ കിളിമാനൂർ ഐ.സി.ഡി.എസ് പ്രോജക്റ്റിൽ സി.ഡി.പി.ഒ ആയി വിരമിച്ച ശ്രീമതി. ഷീലാകുമാരി റ്റി ആർ ന്റെ ബാധ്യതയായി നിശ്ചയിച്ച് സർക്കാരിലേക്ക് ഒടുക്കിയ അഡ്വാൻസ് തുകയും പലിശയും ഒരു പ്രത്യേക കേസായി പരിഗണിച്ച് തിരികെ നൽകുന്നതിന് പരാമർശം(1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

(2) ശ്രീമതി ഷീലാകുമാരി റ്റി ആർ ന്റെ ഡിസിആർജി ൽ നിന്നും ₹1,07,000/- രൂപ "2235-02-911-99 ROP" എന്ന ശീർഷകത്തിലും പലിശ ₹69,177/- രൂപ "0049-04-800-80" എന്ന ശീർഷകത്തിലും ഈടാക്കിയിട്ടുണ്ടെന്നും , ഈ സാഹചര്യത്തിൽ ടിയാളുടെ ഡിസിആർജി ൽ നിന്നും സർക്കാരിലേക്ക് "2235-02-911-99 ROP" എന്ന ശീർഷകത്തിൽ ഈടാക്കിയ ₹1,07,000 /- രൂപയും "0049-04-800-80" എന്ന ശീർഷകത്തിൽ ഈടാക്കിയ പലിശ ₹69,177/- രൂപയും തിരികെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും പരാമർശം(2) പ്രകാരം വനിത ശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നടപടിക്രമം കൃത്യമായി പാലിക്കണമെന്ന വ്യവസ്ഥയിൽ, ശ്രീമതി ഷീലാകമാരി റ്റി ആർ ന്റെ ഡിസിആർജി ൽ നിന്നും കുറവു ചെയ്ത '2235-02-911-99 ROP" ശീർഷകത്തിലേക്ക് ഈടാക്കിയ ₹1,07,000/- രൂപ ICDS പദ്ധതിക്കായി നിലവിലുള്ള 2235-02-102-18-03-34-03-P-V ശീർഷകത്തിൽ നിന്നും ടിയാരിക്ക് തിരികെ നൽകുന്നതിനും, "0049-04-800-80"' ശീർഷകത്തിൽ പലിശ ഇനത്തിൽ ഒടുക്കിയ 69,177/- രൂപ പ്രസ്തുത ശീർഷകത്തിൽ നിന്നുതന്നെ റീഫണ്ട് ചെയ്തു നൽകുന്നതിനും അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. ഭരണാനുമതി ഉത്തരവ് സഹിതം ട്രഷറി ആപ്ലിക്കേഷനിലെ 'റീ-ഫണ്ട് മാസ്റ്ററിൽ' ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത തുക ഒടുക്കൽ സംബന്ധിച്ച വിശദാംശങ്ങൾ

ട്രഷറിയിൽ സമർപ്പിക്കേണ്ടതും, അതോടൊപ്പം BIMS കൈകാര്യം ചെയ്യുന്ന ഒരു അനുയോജ്യ ഡി.ഡി.ഒ.യെ പ്രസ്തുത റീ-ഫണ്ട് നടപടികൾ സ്വീകരിക്കുന്നതിനായി വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ ചുമതലപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് No.WCD-1/265/2023-FIN (2540969) തീയതി 09/03/2026
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Sithara Vijayan
Date: 15-03-2026 17:05:35
സെക്ഷൻ ഓഫീസർ